


■ എറണാകുളം ഹോട്ടൽ അബാദ് പ്ലാസയിൽ കെ.എൻ.ബി.എഫ്.സി. വാർഷിക യോഗം മന്ത്രി കെ.എം. മാണി ഉദ്ഘാടനം ചെയ്യുന്നു.

# സ്വകാര്യ സ്ഥാപനങ്ങൾ ചെയ്യുന്നത് ബാങ്കുകൾക്കു കഴിയാത്തത്: മന്ത്രി

സ്വന്തം ലേഖകൻ

കൊച്ചി

ഗ്രാമീണ ബാങ്കിംഗ് രംഗത്ത് ബാങ്കുകൾക്ക് ചെയ്യാൻ കഴിയാത്ത കാര്യങ്ങളാണ് ബാങ്കിംഗ് ഇതര ധനകാര്യസ്ഥാപനങ്ങൾ ചെയ്യുന്നതെന്ന് മന്ത്രി കെ.എം. മാണി പറഞ്ഞു. മുമ്പ് കൊള്ളപ്പലിശക്കാരെന്ന് ദുഷ്കീർത്തിയുണ്ടായിരുന്ന സ്വകാര്യ ധനകാര്യസ്ഥാപനങ്ങൾക്ക് ഇന്ന് ആ പേര് മാറിയിട്ടുണ്ട്. ഗ്രാമീണർക്ക് ആവശ്യമായ പണം ന്യായമായ പലിശയ്ക്ക് കടം നൽകുന്നതു വഴി സമൂഹത്തിന് വലിയ സേവനമാണ് ഇവർ ചെയ്യുന്നതെന്നും മന്ത്രി അഭിപ്രായപ്പെട്ടു. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ കീഴിൽ വരുന്ന കേരളത്തിലെ നോൺ ബാങ്കിംഗ് ഫിനാൻസ് കമ്പനികളുടെ സംഘടനയായ കെ.എൻ.ബി.എഫ്.സിയുടെ വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

എൻ.ബി.എഫ്.സികൾക്ക് പ്രവർത്തിക്കാൻ ആവശ്യമായ സഹകരണം സർക്കാർ നൽകുമെന്ന് മന്ത്രി ഉറപ്പു നൽകി. റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ജനറൽ മാനേജർ അനിൽ കെ. ശർമ, കെ.പി.എം.ജി റിസ്ക് കൺസൾട്ടിംഗ് ഡയറക്ടർ ശ്രീധർ പ്രസാദ്, കെ.എൻ.ബി.എഫ്.സി ചെയർമാൻ തോമസ് ജോർജ് മുത്തൂറ്റ്, വൈസ് ചെയർമാൻ കുര്യൻ സി. ജോർജ്, അലക്സാണ്ടർ ജോർജ് മുത്തൂറ്റ് തുടങ്ങിയവർ പങ്കെടുത്തു.

ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങളും വെല്ലുവിളികളും ഇന്ന് നടന്ന വാർഷിക സമ്മേളനം ചർച്ച ചെയ്തു.